# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 348 — 25.04.2017 — ൽ മറുപടിക്ക്

## ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുന്നതിനുള്ള പ്രായോഗിക തടസ്സങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.സി. ദിവാകരൻ<br>,, ഇ.കെ.വിജയൻ<br>ശ്രീമതി ഗീതാ ഗോപി<br>,, സി.കെ. ആശ : | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി) |
| (എ) കൊല്ലം ജില്ലയിൽ ഭക്ഷ്യഭദ്രതാ നിയമം, 2013 പൈലറ്റ് പ്രോജക്ടായി നടപ്പിലാക്കിവരുന്നതിൽ പ്രായോഗിക തടസ്സങ്ങൾ എന്തെങ്കിലും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്; പ്രായോഗിക തടസ്സങ്ങൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് അവ പരിഹരിച്ചു വരുന്നു. |
| (ബി) മറ്റ് ജില്ലകളിൽ ഭക്ഷ്യഭദ്രതാ നിയമം എന്നത്തേക്ക് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; | (ബി) | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം തയ്യാറാക്കിയ കരട് മുൻഗണനാ ലിസ്റ്റ് പ്രകാരമുള്ള ഭക്ഷ്യ ധാന്യ വിതരണം 2016 നവംബർ 1 മുതൽ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ മെയ് മാസം മുതൽ വാതിൽപ്പടി വിതരണം ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഇതിനെ തുടർന്ന് മറ്റ് ജില്ലകളിലും വാതിൽപ്പടി വിതരണം നടപ്പിലാക്കുന്നതാണ്. |
| (സി) ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുമ്പോൾ എത്ര പുതിയ തസ്തികകൾ സൃഷ്ടിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്;<br>(ഡി) ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വാതിൽപ്പടി വിതരണത്തിന് ജീവനക്കാരുടെ അഭാവം ഉണ്ടാകുമെന്ന് കണക്കാക്കുന്നുണ്ടോ; വാതിൽപ്പടി വിതരണത്തിനായി സിവിൽ സപ്ലൈസ് കോർപ്പറേഷനിലും സിവിൽ സപ്ലൈസ് വകുപ്പിലും എത്ര തസ്തികകൾ ആണ് അധികം വേണ്ടതെന്ന് പഠനം നടത്തിയിട്ടുണ്ടോ എന്നറിയിക്കാമോ? | (സി) യും (ഡി) യും | ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഏതൊക്കെ തസ്തികകൾ എവിടെയൊക്കെ ആവശ്യമാണെന്നത് സംബന്ധിച്ച് പരിശോധിച്ചു വരുന്നു. ഇക്കാര്യം വ്യക്തമായി വിലയിരുത്തിയ ശേഷം ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ